## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1514      13.07.2016 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു.ആർ. പ്രദീപ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എത്ര കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്; | (എ) യും (ബി) യും 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാർക്കറ്റിടപെടൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയും സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത സർക്കാർ, വിപണിയിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് ആവശ്യമായ തുക നൽകാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | |
| (സി) പാവപ്പെട്ടവർക്ക് മാവേലി സ്റ്റോറുകളിൽ നിന്നും സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം നടത്തിവരുന്നു. സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും കൂടുതൽ ജനങ്ങളിലേയ്ക്ക് സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യ സാധനങ്ങളുടെ പ്രത്യേകിച്ച് സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>(1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സ്ഥല സൗകര്യം കുറഞ്ഞ വിൽപ്പന ശാലകളിൽ കൂടുതൽ തവണ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

(2) മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തി ആവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) SP റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്. വിജിലൻസ് വിഭാഗം കുറേക്കൂടി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(5) ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റ് ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | വിപണിയിൽ ഇടപെടുന്നതിനും സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നൽകുന്നതിനും എത്ര കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | 2016-17 സാമ്പത്തിക വർഷം സപ്ലൈകോയുടെ വിപണിയിടപെടൽ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും ഇതുവരെ 50 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സാമ്പത്തിക വർഷം | വിപണിയിടപെടൽ പദ്ധതിയ്ക്കായി സപ്ലൈകോ ചെലവഴിച്ച തുക (രൂപ കോടിയിൽ) | സർക്കാരിൽ നിന്നും അനുവദിച്ച ധന സഹായം (രൂപ കോടിയിൽ) |
|---|---|---|---|
| 1 | 2011-12 | 164.96 | 118.35 |
| 2 | 2012-13 | 288.56 | 135 |
| 3 | 2013-14 | 320.79 | 116.02 |
| 4 | 2014-15 | 257.78 | 70 |
| 5 | 2015-16 | 249.21 | 99 |

സെക്ഷൻ ഓഫീസർ

8